LIBRARY ARCHIVES Kerala Legislative Assembly

കായികരംഗത്ത് മികവ് പുലർത്തുന്ന സ്വകാര്യ സ്കൂളുകൾക്ക് കളിസ്ഥലം തയ്യാറാക്കുന്നതിന് പദ്ധതി

215 (5105) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് മികവു പുലർത്തുന്ന സ്വകാര്യ സ്കൂളുകൾക്ക് കളിസ്ഥലം തയ്യാറാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സ്കൂളുകൾക്ക് അവ ലഭിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26

(സി) സ്വകാര്യ സ്കൂളുകൾക്ക് മാത്രമായി കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ എയ്ഡഡ്/സർക്കാർ സ്കൂളുകൾ, കോളേജുകൾ, അംഗീകൃത സ്പോർട്ട്സ് ക്ലബ്ബുകൾ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ നവീകരിക്കാനും, നിർമ്മിക്കാനും കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു. കളിസ്ഥലങ്ങളുടേയും നീന്തൽ കുളങ്ങളുടേയും നവീകരണത്തിനും, നിർമ്മാണത്തിനുമായി ചെലവാകുന്ന തുകയുടെ വിഹിതം സ്പോർട്ട്സ് ഡയറക്ടറേറ്റിൽ നിന്നും സ്പോർട്ട്സ് കൗൺസിലിൽ നിന്നും സാമ്പത്തിക സഹായമായി നൽകി വരുന്നു. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം കൈവശാവകാശ സർട്ടിഫിക്കറ്റ്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

സർക്കാർ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി

216 (5106) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ സ്കൂളിന്റെ നീന്തൽ രംഗത്തെ മികവിന്റേയും വയക്കര സ്കൂളിലെ ഹാന്റ് ബോൾ രംഗത്തെ തുടർച്ചയായ നേട്ടങ്ങളുടേയും അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ സർക്കാർ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?